## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2554** **24-06-2024 - ൽ മറുപടിയ്ക്ക്**

## ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി ലഭിച്ച സഹായങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഒരു കുടുംബം ഒരു സംരംഭം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഒരു ലക്ഷം സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോട് കൂടി 2022-23 സാമ്പത്തിക വര്‍ഷം സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് "ഒരു കുടുംബം ഒരു സംരംഭം പദ്ധതി." ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' വഴി വിഭാവനം ചെയ്യുന്നത്. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി സർക്കാർ നൽകുന്നു. സ്ഥിര മൂലധനത്തിനു മാത്രമായോ പ്രവർത്തനമൂലധനത്തിനു മാത്രമായോ ഇവയ്ക്കു സംയുക്തമായോ എടുക്കുന്ന ബാങ്ക് വായ്പകൾക്കു പദ്ധതി പ്രകാരം പലിശയിളവു ലഭിക്കുന്നതിനു അർഹത ഉണ്ടായിരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ട് എന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് സഹായം ലഭിച്ച സംരംഭകരുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| ക്രമ. നമ്പർ | ജില്ല | ടി പദ്ധതി പ്രകാരം സഹായം ലഭിച്ച സംരഭകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 120 |
| 2 | കൊല്ലം | 145 |
| 3 | പത്തനംതിട്ട | 112 |
| 4 | ആലപ്പുഴ | 153 |
| 5 | കോട്ടയം | 103 |
| 6 | ഇടുക്കി | 110 |

| | | |
|---|---|---|
| 7 | എറണാകുളം | 211 |
| 8 | തൃശ്ശൂർ | 135 |
| 9 | പാലക്കാട് | 248 |
| 10 | മലപ്പുറം | 190 |
| 11 | കോഴിക്കോട് | 160 |
| 12 | വയനാട് | 133 |
| 13 | കണ്ണൂർ | 137 |
| 14 | കാസറഗോഡ് | 95 |
| | **ആകെ** | **2052** |

| | | | |
|---|---|---|---|
| (സി) | മാവേലിക്കര മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ? | (സി) | മാവേലിക്കര മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം 20 സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ